പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - T *371 17/10/2011 ൽ മറുപടിയ്ക്ക്

**ആദിവാസി, ദളിത് സമുദായങ്ങളിലെ കുട്ടികളിൽ സ്കൂൾപഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞു പോക്കൽ**

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി
" സി. മമ്മൂട്ടി
" പി.ബി. അബ്ദുൾ റസാക്
" അബ്ദുറഹിമാൻ രണ്ടത്താണി

മറുപടി

കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആദിവാസി, ദളിത് സമുദായങ്ങളിലെ കുട്ടികളിൽ സ്കൂൾ പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞു പോകുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന ഉണ്ടാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ ഇതിനുള്ള കാരണങ്ങൾ കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ബാധകമല്ല. |
| (സി) | ലാഭകരമല്ലാത്ത വിഭാഗത്തിൽ പെടുന്ന സ്കൂളുകളിൽ ആദിവാസി വിദ്യാർത്ഥികളുടെ കേന്ദ്രീകരണമുണ്ടാകുന്നതു കൊണ്ടുള്ള അസന്തുലിതാവസ്ഥ കൊഴിഞ്ഞുപോക്കിനു കാരണമാകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (സി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കുടുംബത്തിലെ ദാരിദ്ര്യവും സാമൂഹ്യ സാഹചര്യങ്ങളും കുട്ടികളുടെ പഠനത്തെ ബാധിക്കാതിരിക്കാൻ ആദിവാസി മേഖലയിൽ എന്തെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ ; | (ഡി) | പട്ടികജാതി വികസന വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ആശ്രമ/ ഏകലവ്യ / മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും സമർത്ഥരുമായ വിദ്യാർത്ഥികളെ താമസവും, ഭക്ഷണവും, വസ്ത്രവും, മറ്റ് അനുബന്ധ സൗകര്യങ്ങളും നൽകി പഠിപ്പിച്ചുവരുന്നുണ്ട്. സർക്കാർ - എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നതും ദിവസവും സ്കൂളിൽ പോയി വരുവാൻ കഴിയാത്തതുമായ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. SSLC, +2, ഡിഗ്രി കോഴ്സുകളിൽ തോറ്റു പോകുന്നവർക്ക് വീണ്ടും പരീക്ഷ എഴുതി പാസാകുന്നതിന് പ്രത്യേക ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഒന്നോ രണ്ടോ കിലോമീറ്റർ ചുറ്റളവിൽ ആദിവാസി കുട്ടികൾക്ക് സ്കൂൾ പഠനസൗകര്യം ഏർപ്പെടുത്താനുള്ള കർമ്മ പദ്ധതിക്ക് രൂപം നല്കുമോ ? | (ഇ) | സ്കൂൾ സൗകര്യം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുന്നതിനായി സർവ്വ ശിക്ഷ അഭിയാൻ പ്രകാരമുള്ള ബദൽ പഠന കേന്ദ്രം ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി ആദിവാസി മേഖലകളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഏകാദ്ധ്യാപക സ്കൂളുകളും പെരിപ്പാറ്റിക് സ്കൂളുകളും പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ വഴി ആദിവാസി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പു വരുത്തുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ